(ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണ് അതിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ;

(സി) എങ്കിൽ ഓരോന്നിനെപ്പറ്റിയും എന്താണ് തീരുമാനം?

പൊതുജനാരോഗ്യ വകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഉണ്ട്.

(ബി, സി) ആയുർവ്വേദ വിദ്യാർത്ഥികൾ ഉന്നയിച്ച ആവശ്യങ്ങളും അവയിൽ കൈക്കൊണ്ട തീരുമാനങ്ങളും നടപടിയും അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ഹോമിയോപ്പതി ഡിപ്ലോമ ഹോൾഡേഴ്സിന് ഉപരിപഠനത്തിന് സൗകര്യം

*385 [404] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി ഡിപ്ലോമാ ഹോൾഡേഴ്സിന് ഉപരിപഠനത്തിന് ഇന്നു സംസ്ഥാനത്ത് എന്തെങ്കിലും സൗകര്യങ്ങളുണ്ടോ;

(ബി) കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിൽ അതിനു വേണ്ടി ഡിഗ്രി കോഴ്സ് ആരംഭിച്ചിരുന്നോ;

(സി) ഉണ്ടായിരുന്നെങ്കിൽ കഴിഞ്ഞ രണ്ടു വർഷമായി പുതിയ വിദ്യാർത്ഥികളെ ഈ കോഴ്സിനു എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതു പുനഃപരിശോധിക്കുമോ?

പൊതുജനാരോഗ്യ വകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ഫിഷറീസ് കോളേജ്

*386 [405] ശ്രീ. ആർ. എസ്. ഉണ്ണി:

ശ്രീ. കല്പട നാരായണൻ:

ശ്രീ. എസ്. ത്യാഗരാജൻ:

ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു ഫിഷറീസ് കോളേജ് സ്ഥാപിക്കാൻ ആലോചന ഉണ്ടോ;

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അത് എവിടെയായിരിക്കണം എന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ നിയമിച്ച കമ്മിറ്റി കേരളം സന്ദർശിച്ചിരുന്നുവോ;

(ഡി) അവരുടെ നിഗമനം എന്താണ്;

(ഇ) ഫിഷറീസ് കോളേജിനോടനുബന്ധിച്ച് റിസർച്ച് സ്റ്റേഷനും തുടങ്ങുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ വ്യക്തമാക്കുമോ;

(ജി) നിർദ്ദിഷ്ട ഫിഷറീസ് കോളേജിന് വേൾഡ് ബാങ്കിന്റെ എന്തെങ്കിലും ധനസഹായം ലഭിക്കുമെന്നുറപ്പുണ്ടോ?

കൃഷി വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) കേരള കാർഷിക സർവ്വകലാശാലയ്ക്ക് ആലോചനയുണ്ട്.

(ബി) ഇല്ല.

(സി) സന്ദർശിച്ചിരുന്നു.

(ഡി) അവരുടെ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല.

(ഇ) കാർഷിക സർവ്വകലാശാലയ്ക്ക് അങ്ങനെ ഒരു ഉദ്ദേശമുണ്ട്.

(എഫ്) വിശദ വിവരങ്ങൾ കോളേജ് സ്ഥാപിക്കുന്നതോടുകൂടി മാത്രമേ ലഭ്യമാവുകയുള്ളൂ.

(ജി) ഇതുവരെ അതിനെപ്പറ്റി സൂചന ഒന്നും ലഭിച്ചിട്ടില്ല.

വേനൽക്കാലത്ത് വെള്ളം ലഭിക്കുന്നില്ലെന്നു പരാതി

*387 [406] ശ്രീ. ചടയൻ ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റൂറൽ ഡവലപ്മെന്റു ബോർഡിന്റെ നേതൃത്വത്തിൽ പഞ്ചായത്തുകൾ വഴി നടപ്പിൽ വരുത്തുന്ന ശുദ്ധ ജലവിതരണ പദ്ധതിക്കു വേണ്ടി നിർമ്മിക്കുന്ന കിണറുകളിൽ വേനൽക്കാലത്ത് വെള്ളം ലഭിക്കുന്നില്ലെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിക്കു പകരം നാലോ അഞ്ചോ പഞ്ചായത്തുകളെ ഉൾപ്പെടുത്തി മേജർ സ്കീമുകൾ നടപ്പിൽ വരുത്താൻ ഗവൺമെന്റു നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly